<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6300 11-07-2012 -ൽ മറുപടിയ്ക്ക്.

<u>ആശ്രിത നിയമനം നടത്തുവാൻ കൂടുതൽ തസ്തികകൾ</u>

| ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്.<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. സി.പി. മുഹമ്മദ്. | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) ആശ്രിതനിയമനം നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ; | എ) സർക്കാർ സർവ്വീസിലിരിക്കെ മരിക്കുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനായി 1970 മുതൽ ആശ്രിതനിയമനപദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. അതനുസരിച്ച്, യോഗ്യരായ അപേക്ഷകർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിൽ ആവശ്യപ്പെടുന്ന ജില്ലയിൽ തന്നെ പരമാവധി നിയമനം നൽകാൻ വ്യവസ്ഥയുണ്ട്. മാതൃവകുപ്പിൽ ഒഴിവില്ലാതെ വരികയും മാതൃവകുപ്പിലല്ലാതെ മറ്റ് വകുപ്പുകളിൽ നിയമനം ആവശ്യപ്പെടുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളെ സർക്കാരിന്റെ ആശ്രിതനിയമന സെല്ലിൽ രജിസ്റ്റർ ചെയ്യുകയും അപേക്ഷാതീയതിയുടെ അടിസ്ഥാനത്തിൽ സിനീയോറിറ്റി കണക്കാക്കി അവരുടെ ഊഴം വരുന്ന മുറയ്ക്ക് ഒഴിവ് നിർണ്ണയിച്ച് നൽകുന്ന രീതിയുമാണ് ഇപ്പോൾ അവലംബിച്ച് വരുന്നത്. |
| (ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;<br>(സി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ? | (ബി) & (സി) ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിന്ശേഷം സർക്കാർ ഉത്തരവ് ആയിട്ടും മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ സംസ്ഥാനത്തെ വിവിധ തസ്തികകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി സർക്കാരിന്റെ ആശ്രിതനിയമനസെല്ലിൽ രജിസ്റ്റർ ചെയ്ത് വർഷങ്ങളോളം കാത്തിരുന്നിട്ടും നിയമനം ലഭിക്കാത്ത അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അത്തരക്കാരുടെ നിയമനം ത്വരിതപ്പെടുത്താനായി 549 സൂപ്പർന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ